ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം ഹരിജൻ/ഗിരിജൻ കോളനികളിൽ കുഴൽ കിണറുകൾ കുഴിച്ചു കുടിവെള്ളം എത്തിക്കുന്നതിനായി രൂപം കൊടുത്ത രണ്ട് പദ്ധതികൾക്ക് കേന്ദ്ര ഗവൺമെൻറ് ധനസഹായം നൽകുന്നുണ്ട്.

402 പ്രശ്നഗ്രാമങ്ങളിലെ ഹരിജൻ/ഗിരിജൻ കോളനികളിൽ 1318 കുഴൽ കിണറുകൾ കുഴിക്കുന്നതിന് 1984–85ൽ 329.50 ലക്ഷം രൂപ മതിപ്പ് ചെലവ് ഉള്ള ഒരു പദ്ധതിക്കും 594 പ്രശ്നഗ്രാമങ്ങളിൽ 1512 കുഴൽ കിണറുകൾ കുഴിക്കുന്നതിനും 302.40 ലക്ഷം രൂപ മതിപ്പ് ചെലവുള്ള മറൊരു പദ്ധതിക്ക് 1985–86ലും കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും നടപ്പിലാക്കുവാനുള്ള ചെലവ് മുഴുവൻ കേന്ദ്ര ഗവൺമെൻറ് സഹായമായി നൽകുന്നതാണ്.

ആദ്യത്തെ പദ്ധതി പ്രകാരം ഹരിജൻ കോളനികളിൽ 1318 കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. രണ്ടാമത്തെ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൈപ്പുകൾ ഏറെടുക്കാത്ത സംഭവം

* 151 [154] ശ്രീ. സി. വാസുദേവമേനോൻ:
,, സി.പി. മുസ്സാൻകുട്ടി:
,, ജി. വരദൻ:
,, സി.ടി. കൃഷ്ണൻ:
,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല–മലിന ജല അതോറിറ്റി ഓർഡർ നൽകിയതിൻ പ്രകാരം അയച്ച പൈപ്പുകൾ ഏറെടുക്കാത്ത സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ഇങ്ങനെ വരുത്തിയ പൈപ്പുകൾ ഏറെടുക്കാത്തതുമൂലം റയിൽവേ തുച്ഛമായ വിലയ്ക്ക് ലേലം ചെയ്തുവെന്നറിയുന്നത് ശരിയാണോ;

(സി) എങ്കിൽ എവിടെയെല്ലാം ഇതുമൂലം അതോറിറ്റിക്കോ കേരള സർക്കാരിനോ നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) കൽക്കത്തയിലെ ക്രൈമാക്സ് പൈപ്പ് കമ്പനിക്ക് ജല–മലിനജല അതോറിറ്റിയുടെ കോട്ടയം സ്റ്റോർ ഡിവിഷൻ നൽകിയ പൈപ്പിനുള്ള ഓർഡർ ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരമായിരുന്നുവോ;

(ഇ) എങ്കിൽ ഓർഡർ പ്രകാരം ഈ കമ്പനി അയച്ച പൈപ്പ് സ്വീകരിക്കാതിരുന്നതിൻെറ കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) നിയമസാധുതയുള്ള ഓർഡറിൻ പ്രകാരം വന്ന പൈപ്പുകൾ ഒന്നുംതന്നെ ഏറെടുക്കാതിരുന്നിട്ടില്ല. നേരത്തെ നൽകിയ ഓർഡറുകൾ പിന്നീട് ക്യാൻസൽ ചെയ്തതിനുശേഷം അതു മാനിക്കാതെ മൂന്നു കമ്പനികൾ കോട്ടയം, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഏറണാകുളം കോട്ടയം റെയിൽവേ സ്റ്റേഷനുകളിലേക്ക് കയറ്റി അയച്ച പൈപ്പുകൾ അതോറിറ്റിക്ക് യാതൊരു ബാദ്ധ്യതയും ഇല്ലാത്തതിനാൽ ഏറെടുത്തിട്ടില്ല.

(ബി) ഇതിനെക്കുറിച്ച് അതോറിറ്റിക്ക് റെയിൽവേയിൽനിന്നോ മറ്റാരെങ്കിലിലുംനിന്നോ ഔദ്യോഗികമായ യാതൊരു വിവരവും ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഈ കമ്പനി അയച്ച പൈപ്പുകൾ നിലവിലുള്ള (valid) ഓർഡറിൻ പ്രകാരം അല്ലാത്തതുകൊണ്ട് അവ ഏറെടുത്തില്ല.

(എഫ്) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (സൗത്ത്) അന്വേഷണം നടത്തിയിട്ടുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

അനാഥാലയങ്ങൾക്കു നൽകുന്ന ഗ്രാൻറ്

* 152 [155] ശ്രീ. സി.ടി. അഹമ്മദ് അലി:

,, ഇ.ടി. മുഹമ്മദ് ബഷീർ:

,, നാലകത്ത് സൂപ്പി:

,, എം. പി. എം. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾക്ക് ഗ്രാൻറ് നൽകി;

(ബി) ഇപ്പോൾ നൽകി വരുന്ന ഗ്രാൻറ് തികച്ചും അപര്യാപ്തമാണെന്നും അത് യഥാസമയം കിട്ടുന്നില്ലെന്നും ഉള്ള പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ വകുപ്പ് മന്ത്രി (ശ്രീമതി എം. കമലം):

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി അനുസരിച്ച് 251-ഉം കേന്ദ്ര പദ്ധതി അനുസരിച്ച് 27-ഉം അനാഥശാലകൾക്ക് ഗ്രാൻറ് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ഗവൺമെൻറ് നൽകിവരുന്ന ഗ്രാൻറ് അപര്യാപ്തമാണെന്നും അത് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുമുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly